ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബി□ഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX: 0471-2324951
email: celsgd@gmail.com
website: www.celsgd.com

നം:ഡിബി3-753/12/സിഇ/തസ്വഭവ

തീയതി: 04/09/2013

# സർക്കുലർ

വിഷയം:- 1. തൃതല പഞ്ചായത്തുകളിലെ മരാമത്ത് പണികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നത് - സംബന്ധിച്ച്
2. കൊല്ലം, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി എന്നിവ ഒഴികെയുള്ള മറ്റ് ജില്ലകളിലും പുതുക്കിയ സി.പി.ഡബ്ലിയു.ഡി 2013 കോസ്റ്റ് ഇൻഡക്സ് നിലവിൽ വന്നത് - സംബന്ധിച്ച്

സൂചന:- 03/09/2014 ൽ കൂടിയ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ യോഗ നടപടി കുറിപ്പ് ഇനം 2.7, 2.8

*********

1. ത്രിതല പഞ്ചായത്തുകളിലെ മരാമത്ത് പണികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ റിപ്പോർട്ട് ചെയ്തത് പരിഗണിച്ച് സാങ്കേതികാനുമതി നൽകുന്നതിന് 2013-2014 സാമ്പത്തിക വർഷം നിലവിലുണ്ടായിരുന്ന സ്ഥിതി പുന:സ്ഥാപിക്കാൻ കോർഡിനേഷൻ കമ്മറ്റി ഇനം 2.7 പ്രകാരം തീരുമാനിച്ചു. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ഉദ്യോഗസ്ഥൻ തന്നെ സാങ്കേതികാനുമതി നൽകുന്ന സ്ഥിതി ഉണ്ടാകുവാൻ പാടുള്ളതല്ല.

2. കൊല്ലം, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി എന്നിവ ഒഴികെയുള്ള മറ്റ് എല്ലാ ജില്ലകളിലും പുതുക്കിയ കോസ്റ്റ് ഇൻഡക്സ് നിലവിൽ വന്നതിനാൽ 2013 സി.പി.ഡബ്ളിയു.ഡി നിരക്ക് പ്രകാരം തയ്യാറാക്കിയ പ്രൊജക്ടുകളുടെ എസ്റ്റിമേറ്റുകൾ ആവശ്യമെങ്കിൽ പുതുക്കാനും കാലതാമസം ഒഴിവാക്കാൻ ടെണ്ടർ നടപടികൾ സ്വീകരിക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അനുവദിച്ചു കൊണ്ട് കോർഡിനേഷൻ കമ്മറ്റി ഇനം 2.8 പ്രകാരം തീരുമാനിച്ചു. അധികമായി വരുന്ന തുക സ്വന്തം നിലയ്ക്ക് കണ്ടെത്തുകയോ, അല്ലെങ്കിൽ പദ്ധതിയിൽ കുറവ് വരുത്തി ചെയ്യുകയോ ആകാം. പുതുക്കിയ എസ്റ്റിമേറ്റുകളുടെയും ബന്ധപ്പെട്ട പ്രോജക്ടുകളുടെയും വെറ്റിംഗ്, ഐ.കെ.എം വെബ്സൈറ്റ് അപ്‌ലോഡിംഗ്, ഡി.പി.സി അംഗീകാരം, സാങ്കേതികാനുമതി ലഭ്യമാക്കൽ എന്നിവ പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ് ചെയ്യുന്നതിന് അനുവദിച്ചു തീരുമാനിച്ചു.

ചീഫ് എൻജിനീയർ

എൻ.പി/